# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1094** — **13/12/2012 ൽ മറുപടിക്ക്**

## 'സമ്പൂർണ്ണ' പദ്ധതി.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.ശിവദാസൻ നായർ:<br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ:<br>ശ്രീ. ഹൈബി ഈഡൻ:<br>ശ്രീ. പാലോട് രവി: | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) 'സമ്പൂർണ്ണ' പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | എ) ബി) സി) സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലേയും മുഴുവൻ കുട്ടികളേയും സംബന്ധിച്ചുള്ള വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള ഓൺലൈൻ സ്കൂൾ മാനേജ്മെന്റ് സിസ്റ്റമാണ് 'സമ്പൂർണ്ണ'. സ്കൂൾ അഡ്മിഷൻ റജിസ്റ്ററിലേതുൾപ്പെടെ ഒരു വിദ്യാർത്ഥിയെ സംബന്ധിക്കുന്ന മുഴുവൻ വിവരങ്ങളും ഈ ഓൺലൈൻ സോഫ്റ്റ്വെയറിൽ രേഖപ്പെടുത്തുന്നുണ്ട്. ഇതു വഴി ഒരു വിദ്യാർത്ഥിയെ സംബന്ധിക്കുന്ന വിവരം ശേഖരിക്കേണ്ട അവസരങ്ങളിൽ (ഉദാ. കലോത്സവം, ഉച്ചഭക്ഷണം, സ്കോളർഷിപ്പുകൾ തുടങ്ങിയവ)സമ്പൂർണ്ണയിൽ നിന്നും ശേഖരിക്കാൻ കഴിയും. എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് വേണ്ട വിവരങ്ങൾ പരീക്ഷാ ഭവനെടുക്കുന്നത് സമ്പൂർണ്ണയിൽ നിന്നാണ്. |
| ബി) ഏതെല്ലാം ഏജൻസി വഴിയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | ഐ.ടി@സ്കൂൾ പ്രോജക്ട് നേരിട്ട് സ്കൂളുകളുടെ സഹായത്തോടെയാണ് പദ്ധതി നടപ്പാക്കിവരുന്നത്. |
| സി) കുട്ടികളുടേയും അദ്ധ്യാപകരുടേയും എന്തെല്ലാം വിശദാംശങ്ങളാണ് പ്രസ്തുത പദ്ധതി വഴി ശേഖരിച്ചുവരുന്നത്; | അദ്ധ്യാപകരുടെ അടിസ്ഥാന വിശദാംശങ്ങൾ സമ്പൂർണ്ണയിൽ ഉൾപ്പെടുത്തുന്നതിനായി നിലവിൽ സ്പാർക്കിലൂടെ ലഭിക്കുന്ന PEN (Permanent Employee Number) മാത്രമാണ് ശേഖരിക്കുന്നത്. |
| ഡി) സ്റ്റുഡന്റ് പോലീസ് കേഡറ്റുകളുടെ വിവരങ്ങൾ പ്രസ്തുത പദ്ധതിയിൽ കൂടി ശേഖരിക്കുന്ന കാര്യം പരിഗണിക്കുമോ; | ഡി) ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ